സ്വാതന്ത്ര്യസമര സേനാനികൾക്ക് നൽകിവരുന്ന യാത്രാ സൗജന്യങ്ങൾ

*13 [352] ശ്രീ. പി. സി. ജോർജ്:

,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്വാതന്ത്ര്യസമര സേനാനികൾക്ക് ഇപ്പോൾ നൽകിവരുന്ന യാത്രാ സൗജന്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ സൗജന്യം കെ.എസ്.ആർ.ടി.സി.-യുടെ ഏതെല്ലാം ബസ്സുകളിലാണ് അനുവദിച്ചിട്ടുള്ളത്;

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഡീലക്സ്, സൂപ്പർ ഫാസ്റ്റ് ബസ്സുകളിൽ ഈ സൗജന്യം അനുവദിക്കുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സ്വാതന്ത്ര്യസമര സേനാനികൾക്ക് ഡീലക്സ്, സൂപ്പർ ഫാസ്റ്റ് ബസ്സുകളിൽ കൂടി യാത്രാസൗജന്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) സ്വാതന്ത്ര്യസമര സേനാനികൾക്കും അവരുടെ വിധവകൾക്കും, സൂപ്പർ ഫാസ്റ്റ് വരെയുള്ള എല്ലാ ബസ്സുകളിലും 100 ശതമാനം യാത്രാസൗജന്യം അനുവദിച്ചിട്ടുണ്ട്.

(ബി) സിറ്റി ബസ്സുകൾ, ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് എന്നീ സർവ്വീസുകളിൽ.

(സി) ഉണ്ട്. സൂപ്പർ ഫാസ്റ്റിൽ സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്. എന്നാൽ സൂപ്പർ ഡീലക്സ് സർവ്വീസിൽ സൗജന്യയാത്ര അനുവദിച്ചിട്ടില്ല.

(ഡി) ഡീലക്സ് ബസ്സുകളുടെ എണ്ണം പരിമിതമാണ്. കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ ഡീലക്സ് ബസ്സുകളിൽ യാത്രാസൗജന്യം അനുവദിക്കുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly